**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6398** **10-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യ സമ്പത്തിന്റെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടലിന്റെയും ഉൾനാടൻ ജലാശയങ്ങളുടെയും മത്സ്യ സമ്പത്തിന്റെ സംരക്ഷണം, പരിപാലനം എന്നിവ മുൻനിർത്തി പരിസ്ഥിതി സൗഹാർദ്ദ മാർഗ്ഗങ്ങളിലൂടെ ശാസ്ത്രീയ രീതികൾ ഉപയോഗിച്ച് ഉല്പാദകക്ഷമതയും മത്സ്യോല്പാദനവും വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | കടലിന്റെയും ഉൾനാടൻ ജലാശയങ്ങളുടെയും മത്സ്യസമ്പത്തിന്റെ സംരക്ഷണം, പരിപാലനം എന്നിവ മുൻനിർത്തി പരിസ്ഥിതി സൗഹാർദ്ദ മാദ്ധ്യമങ്ങളിലൂടെ ശാസ്ത്രീയ രീതികൾ ഉപയോഗിച്ച് ഉല്പാദന ക്ഷമതയും മത്സ്യോല്പാദനവും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികൾ വകുപ്പ് നടപ്പാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു. “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്തു സുസ്ഥിര മത്സ്യബന്ധനത്തിന്റേയും ഉപജീവന മാർഗ്ഗങ്ങളുടെയും വർധിപ്പിക്കൽ ഒന്നാം ഘട്ടം” എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം 13.02 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നു. 60% തുകയായ 7.812 കോടി രൂപ കേന്ദ്ര വിഹിതവും 40% തുകയായ 5.208 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി പ്രകാരം 6300 കൃത്രിമപ്പാരുകളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും തിരുവനന്തപുരം ജില്ലയിലെ |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുത്ത 33 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിലെ 42 സൈറ്റുകളിലായി ആകെ 6300 കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയും ചെയ്തു.<br><br>ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്തിന്റെ സംരക്ഷണം പരിപാലനം എന്നിവ മുൻനിർത്തി പരിസ്ഥിതി സൗഹാർദ്ദ മാർഗ്ഗങ്ങളിലൂടെ ശാസ്ത്രീയ രീതികൾ ഉപയോഗിച്ച് ഉൽപ്പാദന ക്ഷമതയയും മത്സ്യോൽപ്പാദനവും വർദ്ധിപ്പിക്കുവാൻ തെരഞ്ഞെടുത്ത 8 ജലാശയങ്ങളിൽ തദ്ദേശ മത്സ്യവിത്ത് നിക്ഷേപിക്കുന്നതിനും ഈ ജലാശയങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുമായി 2022-23, 2023- 24 വർഷം 833 ലക്ഷം രൂപയുടെ "ഉൾനാടൻ ജല ആവാസ വ്യവസ്ഥകളിൽ സംയോജിത മത്സ്യ വിഭവ പരിപാലനം" (Integrated Fishery Management in Inland Aquatic Ecosystems) എന്ന പദ്ധതി നടപ്പിലാക്കുകയും ആയതിന്റെ ഭാഗമായി 2 വർഷങ്ങളിലായി 164 ലക്ഷം വീതം മത്സ്യ /ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ വേമ്പനാട്, അഷ്ടമുടി കായലുകളിലും വാമനപുരം നദിയിലും 46 'മത്സ്യ/കക്ക സംരക്ഷിത' പ്രദേശങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഫലമായി ടി പ്രദേശങ്ങളിൽ നിന്നും 2022-23 -ൽ 85750 മെട്രിക് ടൺ കക്ക ഉൽപ്പാദിപ്പിച്ചിരുന്നത്, 2023-24 ൽ 89577 മെട്രിക് ടൺ ആയി ഉയർന്നു. തോടുകൾ, അരുവികൾ, കനാലുകൾ, കൈവഴികൾ തുടങ്ങി മത്സ്യകൃഷിയ്ക്ക് അനുയോജ്യമായതും നിലവിൽ മത്സ്യകൃഷിയ്ക്ക് ഉപയുക്തമാക്കാത്തതുമായ പൊതുജലാശയങ്ങളിൽ വലവളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതി സൗഹൃദ രീതിയിൽ താൽക്കാലിക ചിറകൾ നിർമ്മിച്ചും തദ്ദേശീയ മത്സ്യവിത്തുകൾ നിക്ഷേപിച്ച് മത്സ്യകൃഷി നടത്തുന്ന 'എംബാങ്ക്മെന്റ് പദ്ധതി' 50 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | അതിനു നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ മത്സ്യങ്ങളുടെ ഉല്പാദകക്ഷമതയും മത്സ്യോല്പാദനവും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | കടലിന്റെയും ഉൾനാടൻ ജലാശയങ്ങളുടെയും മത്സ്യസമ്പത്തിന്റെ സംരക്ഷണം, പരിപാലനം എന്നിവ മുൻനിർത്തി പരിസ്ഥിതി സൗഹാർദ്ദ മാദ്ധ്യമങ്ങളിലൂടെ ശാസ്ത്രീയ രീതികൾ ഉപയോഗിച്ച് ഉല്പാദന ക്ഷമതയും മത്സ്യോല്പാദനവും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികൾ വകുപ്പ് നടപ്പാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന തിരുവനന്തപുരം |

ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു. “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്തു സുസ്ഥിര മത്സ്യബന്ധനത്തിന്റേയും ഉപജീവന മാർഗ്ഗങ്ങളുടെയും വർധിപ്പിക്കൽ ഒന്നാം ഘട്ടം” എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം 13.02 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നു. 60% തുകയായ 7.812 കോടി രൂപ കേന്ദ്ര വിഹിതവും 40% തുകയായ 5.208 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി പ്രകാരം 6300 കൃത്രിമപ്പാരുകളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 33 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിലെ 42 സൈറ്റുകളിലായി ആകെ 6300 കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയും ചെയ്തു.

ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്തിന്റെ സംരക്ഷണം പരിപാലനം എന്നിവ മുൻനിർത്തി പരിസ്ഥിതി സൗഹാർദ്ദ മാർഗ്ഗങ്ങളിലൂടെ ശാസ്ത്രീയ രീതികൾ ഉപയോഗിച്ച് ഉൽപ്പാദന ക്ഷമതയയും മത്സ്യോൽപ്പാദനവും വർദ്ധിപ്പിക്കുവാൻ തെരഞ്ഞെടുത്ത 8 ജലാശയങ്ങളിൽ തദ്ദേശ മത്സ്യവിത്ത് നിക്ഷേപിക്കുന്നതിനും ഈ ജലാശയങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുമായി 2022-23, 2023- 24 വർഷം 833 ലക്ഷം രൂപയുടെ "ഉൾനാടൻ ജല ആവാസ വ്യവസ്ഥകളിൽ സംയോജിത മത്സ്യ വിഭവ പരിപാലനം" (Integrated Fishery Management in Inland Aquatic Ecosystems) എന്ന പദ്ധതി നടപ്പിലാക്കുകയും ആയതിന്റെ ഭാഗമായി 2 വർഷങ്ങളിലായി 164 ലക്ഷം വീതം മത്സ്യ /ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ വേമ്പനാട്, അഷ്ടമുടി കായലുകളിലും വാമനപുരം നദിയിലും 46 'മത്സ്യ/കക്ക സംരക്ഷിത' പ്രദേശങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഫലമായി ടി പ്രദേശങ്ങളിൽ നിന്നും 2022-23 -ൽ 85750 മെട്രിക് ടൺ കക്ക ഉൽപ്പാദിപ്പിച്ചിരുന്നത്, 2023-24 ൽ 89577 മെട്രിക് ടൺ ആയി ഉയർന്നു. തോടുകൾ, അരുവികൾ, കനാലുകൾ, കൈവഴികൾ തുടങ്ങി

| | | | |
|---|---|---|---|
| | | | മത്സ്യകൃഷിയ്ക്ക് അനുയോജ്യമായതും നിലവിൽ മത്സ്യകൃഷിയ്ക്ക് ഉപയുക്തമാക്കാത്തതുമായ പൊതുജലാശയങ്ങളിൽ വലവളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതി സൗഹൃദ രീതിയിൽ താൽക്കാലിക ചിറകൾ നിർമ്മിച്ചും തദ്ദേശീയ മത്സ്യവിത്തുകൾ നിക്ഷേപിച്ച് മത്സ്യകൃഷി നടത്തുന്ന 'എംബാങ്ക്മെന്റ് പദ്ധതി' 50 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കി വരുന്നു. |
| (സി) | അമിതമായ മത്സ്യബന്ധന സമ്മർദ്ദവും അശാസ്ത്രീയ മത്സ്യബന്ധന രീതികളും കാരണം കടലിന്റെ അടിത്തട്ടിലെ ആവാസവ്യവസ്ഥയുടെ ആരോഗ്യം അനുദിനം ക്ഷയിക്കുന്നത് ഒഴിവാക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കു മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നീ നശീകരണ മൽസ്യബന്ധന രീതികൾ മത്സ്യബന്ധന നിയന്ത്രണ ആക്ട് (KMFR Act), മത്സ്യബന്ധന നിയന്ത്രണ നിയമം (KMFR Rules) എന്നിവയുടെ അടിസ്ഥാനത്തിൽ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും, മത്സ്യബന്ധന വല നിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. കൂടാതെ ട്രോൾബാൻ കാലാവധി 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ച് നടപ്പിലാക്കിവരുന്നു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമപാര് നിക്ഷേപിക്കുന്ന പദ്ധതി ആരംഭിക്കുകയും തുടർന്നുവരുകയും ചെയ്യുന്നു. കടലിന്റെ അടിത്തട്ടിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതു മത്സ്യമേഖലയ്ക്ക് ഭീഷണിയാകുമെന്നു മനസ്സിലാക്കി ഫിഷറീസ് തുറമുഖ എഞ്ചിനീറിങ് വകുപ്പുകളുടെ നേതൃത്വത്തിൽ ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, സാഫ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സഹകരണത്തോടെ 'ശുചിത്വ സാഗരം' പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ |

| | | | |
|---|---|---|---|
| | | | സംരക്ഷിയ്ക്കുന്നതിന് കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യബന്ധന മേഖലയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത മാനേജ്മെന്റ് സിസ്റ്റം (Participatory Management System) നിലവിൽ വന്നിട്ടുള്ള ആദ്യ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുന്നർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് 'ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ' പ്രധാന പങ്ക് വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ